ആളുകൾക്ക് മാത്രമേ ലഭിക്കുകയുള്ളൂ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആനുകൂല്യം കേരളത്തിലെ മുഴുവൻ പേർക്കും ലഭിക്കുന്നതിനായി ഭാഗപത്ര രജിസ്ട്രേഷന് മുദ്രവിലയായി ഒരു നിശ്ചിത സംഖ്യ ഈടാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) അല്ലെങ്കിൽ ഒരു ഏക്കർ വരെയുള്ള ഭാഗപത്രം രജിസ്റ്റർ ചെയ്യുമ്പോൾ അതിനെ മുദ്രവിലയിൽ നിന്നും ഫീസിൽ നിന്നും ഒഴിവാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി & ഡി) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഒരു ശതമാനമായിക്കുറച്ചിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് കീഴിൽ വരുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ടവർ വീട് വയ്ക്കുന്നതിനായി അഞ്ചുസെന്റിൽ താഴെ ഭൂമി വാങ്ങുന്നതിനുള്ള വിലയാധാരങ്ങളെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഭാഗ ഉടമ്പടി

194 (6112) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് LA പട്ടയപ്രകാരം പതിച്ചു കിട്ടിയ 10 സെന്റ് ഭൂമി അവകാശികൾക്ക് ഭാഗ ഉടമ്പടി നടത്തിയെടുക്കാൻ നിയമപരമായ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; അതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് LA പട്ടയപ്രകാരം പതിച്ചുകിട്ടിയ ഭൂമി അവകാശികൾക്ക് ഭാഗ ഉടമ്പടി നടത്തിയെടുക്കാൻ നിയമപരമായ തടസ്സങ്ങൾ ഒന്നുമില്ല. രജിസ്ട്രേഷൻ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി ആധാരങ്ങൾ തയ്യാറാക്കി രജിസ്ട്രേഷന് ഹാജരാക്കാവുന്നതാണ്.

ആധാരങ്ങളിൽ ഫോട്ടോയും വിരൽപ്പതിപ്പും നിർബന്ധമാക്കിയത്

195 (6114) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആധാരങ്ങളിൽ ഫോട്ടോയും വിരൽപ്പതിപ്പും നിർബന്ധമാക്കിയതുമൂലം വസ്തു രജിസ്ട്രേഷനിൽ കുറവ് വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ആധാരങ്ങളിൽ ഫോട്ടോയും വിരൽപ്പതിപ്പും നിർബന്ധമാക്കിയത് മൂലം വസ്തു രജിസ്ട്രേഷനിൽ കുറവ് വന്നിട്ടില്ല.

"ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളും ജലസ്രോതസ്സുകളും സംരക്ഷിക്കുന്ന പദ്ധതി"

196 (6115) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷേത്രങ്ങളോടനുബന്ധിച്ച് കാവുകളും കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ബന്ധപ്പെട്ട ക്ഷേത്ര ഉപദേശക സമിതികളുടെ സഹകരണം നേടുന്നതിനും ഭക്തജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(സി) ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡ് ജീർണ്ണോദ്ധാരണ ഗ്രാന്റ് അനുവദിക്കുമ്പോൾ ക്ഷേത്രങ്ങളിലെ കുളങ്ങളും ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകൾക്ക് അർഹമായ പരിഗണന നൽകി വരുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് അതാത് പ്രദേശങ്ങളിലെ ദേവസ്വം ഭരണാധികാരികളുടേയും, ക്ഷേത്രോപദേശക സമിതികളുടേയും നിർദ്ദേശങ്ങൾ പരിഗണിച്ചും പ്രാധാന്യം കണക്കിലെടുത്തും കുളങ്ങളും ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രക്കുളങ്ങൾ അതാത് ഗ്രാമപഞ്ചായത്തുകളുടെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നുണ്ട്.

ഗുരുവായൂർ ദേവസ്വത്തിൻകീഴിലുള്ള എല്ലാ ജലസ്ത്രോതസ്സുകളും സംരക്ഷിക്കാൻ യഥാസമയം നടപടി സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly